## III ക്രമപ്രശ്നം

### സഭാസമ്മേളനത്തിനിടയിൽ യോഗങ്ങൾ ചേരുന്നത് സംബന്ധിച്ച്

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന ശക്തനായ സ്പീക്കറാണ്. നിയമസഭ നടക്കുന്ന അവസരത്തിൽ ഗവൺമെന്റിന്റെ മറ്റ് പരിപാടികൾ/യോഗങ്ങൾ വയ്ക്കാൻ പാടില്ലെന്ന് അങ്ങും മുൻപുള്ള സ്പീക്കർമാരും റൂളിംഗ് കൊടുത്തിട്ടുണ്ട്. പക്ഷെ ആ റൂളിംഗിനൊന്നും യാതൊരു വിലയും കൊടുക്കുന്നില്ല. ഇന്ന് ഉച്ചയ്ക്ക് രണ്ടു മണിക്ക് ഡി.പി.സി വിളിച്ചിരിക്കുകയാണ്. ജില്ലാകളക്ടറോട് തീർച്ചയായിട്ടും എന്തിനാണ് നിയമസഭ നടക്കുന്ന അവസരത്തിൽ ഡി.പി.സി വിളിക്കുന്നതെന്ന് വിശദീകരണം ചോദിക്കണം. എന്നുമാത്രമല്ല കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്)-യുടെയും കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെയും ഒരു സെമിനാർ ഇന്ന് രാവിലെ 10 മണിക്ക് തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ വച്ചിരിക്കുകയാണ്. അതിനൊക്കെ എം.എൽ.എ.-മാർ-ഞാനടക്കം പങ്കെടുക്കേണ്ടതാണ്. നിയമസഭ സമ്മേളിച്ചു കൊണ്ടിരിക്കുകയാണ്. എങ്ങനെയാണ് സർ യോഗങ്ങളിൽ പങ്കെടുക്കുന്നത്. തിരുവനന്തപുരം ജില്ലാകളക്ടറോടും കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയുടെ മെമ്പർ സെക്രട്ടറിയോടും വിശദീകരണം ചോദിക്കുന്നതിനു വേണ്ടിയുള്ള റൂളിംഗ് അങ്ങ് കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. 140 എം.എൽ.എ. മാർക്കുവേണ്ടികൂടി ഞാൻ പറയുകയാണ്.

## IV റൂളിംഗ്

മി. സ്പീക്കർ: നിയമസഭാ സമ്മേളനം നടക്കുന്ന ദിവസങ്ങളിൽ നിയമസഭാ സാമാജികർ പങ്കെടുക്കേണ്ട വിവിധ സർക്കാർ കമ്മിറ്റികളുടെ യോഗങ്ങൾ യാതൊരു കാരണവശാലും നടത്തരുതെന്ന് ബഹുമാനപ്പെട്ട മന്ത്രിമാർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്ന് 27-6-2011-ന് ചെയർ റൂൾ ചെയ്തിരുന്നതാണ്. എന്റെ മുൻഗാമികളും ഇതിനുമുൻപും ഇതിന് റൂളിംഗ് നൽകിയിട്ടുണ്ടെങ്കിലും പലപ്പോഴും പാലിക്കപ്പെടാറില്ല. ഇന്ന് ശ്രീ. ശിവൻകുട്ടി ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മന്ത്രിമാർ ഇന്നത്തെ ഈ യോഗങ്ങൾ മാറ്റി വയ്ക്കാൻ നടപടി എടുക്കണമെന്ന് ചെയർ ആവശ്യപ്പെടുന്നു.

ശ്രീ.വി. ശിവൻകുട്ടി: ജില്ലാകളക്ടർക്ക് നിർദ്ദേശം കൊടുക്കണം.

മി. സ്പീക്കർ: ഞാൻ പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിമാർ അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുകയും ഇന്നത്തെ യോഗങ്ങൾ മാറ്റിവയ്ക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly